പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 236 — 28.06.2016 - ൽ മറുപടിയ്ക്ക്

## വയോജനങ്ങളുടെ ആരോഗ്യം

ചോദ്യം

ശ്രീ.കെ.വി.അബ്ദുൾ ഖാദർ

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വയോജനങ്ങൾക്കായി സാമൂഹ്യ ആരോഗ്യ രംഗത്ത് താഴെത്തട്ടു മുതൽ മേലെത്തട്ടുവരെ പ്രത്യേക ആരോഗ്യ സംവിധാനം രൂപപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ? എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | നിലവിൽ സംസ്ഥാനത്തെ നഗർപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരർക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിന് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതിയാണ് 'വയോമിത്രം'. പ്രസ്തുത പദ്ധതിയിലൂടെ സൗജന്യമായി മരുന്നുകൾ, ഹെൽപ്പ്ഡെസ്ക്, കൗൺസിലിംഗ് എന്നീ സേവനങ്ങൾ നൽകി വരുന്നുണ്ട്. 2010-11 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതി നിലവിൽ 42 മുനിസിപ്പൽ നഗരസഭ പ്രദേശത്ത് നടപ്പാക്കി വരുന്നുണ്ട്. പദ്ധതി ഘട്ടം ഘട്ടമായി മുഴുവൻ മുനിസിപ്പൽ പ്രദേശത്തും നടപ്പാക്കുന്നതിനുള്ള നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ച് വരുന്നു. സമഗ്രമായ പദ്ധതിയെക്കുറിച്ച് സർക്കാർ ആലോചിച്ചുവരുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**